# എഫ്.എസ്.ഇ.ടി.ഒ., തിരുവനന്തപുരം
# പത്താം ശമ്പളക്കമ്മീഷന്റെ ഘടന പുനഃപരിശോധിക്കുക

**സുഹൃത്തുക്കളെ,**

സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും വേതനം പരിഷ്കരിക്കുന്നതിന് ശ്രീ. രാമചന്ദ്രൻ നായർ അദ്ധ്യനായ മൂന്നംഗ ശമ്പളക്കമ്മീഷനെ നിയമിക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. മുൻകാല ശമ്പള ക്കമ്മീഷനുകളുടെ ഘടനയിൽ നിന്നും തികച്ചും വ്യത്യസ്തമാണ് പത്താം ശമ്പളക്കമ്മീഷന്റെ ഉള്ളടക്കം. കമ്മീ ഷന്റെ ഘടനയും അംഗങ്ങളുടെ മുൻകാല നിലപാടുകളും ജീവനക്കാരിൽ ഏറെ ആശങ്കയുളവാക്കുന്നതാണ്. കമ്മീഷൻ ചെയർമാന്റെ ഔദ്യോഗിക കാലയളവിലെ വിധികൾ കേരളീയ സമൂഹത്തിൽ നിരവധി ഘട്ടങ്ങളിൽ പ്രതിസന്ധികൾ സൃഷ്ടിച്ചിട്ടുള്ളതാണ്. തൊഴിലാളികളുടെയും ജീവനക്കാരുടെയും സംഘടിത പ്രക്ഷോഭങ്ങളോ ടുള്ള അസഹിഷ്ണുത പ്രസ്തുത ഉത്തരവുകളിൽ പ്രകടമായിരുന്നു. ജനവിരുദ്ധ ഭരണവർഗ്ഗനയങ്ങളുടെ ഫല മായി ജീവിതം പൊറുതിമുട്ടുന്ന ജനത നടത്തുന്ന പോരാട്ടങ്ങളെ അപഹസിക്കാനും തടയിടാനുമുള്ള ശ്രമങ്ങളാണ് വിധികളിൽ പ്രതിഫലിച്ചിരുന്നത്.

പാതയോരങ്ങളിൽ പൊതുയോഗങ്ങൾ നടത്തുന്നതുപോലും നിരോധിച്ച് ജനാഭിപ്രായത്തിന് കൂച്ചുവില ങ്ങിടാൻ ശ്രമിച്ച ശ്രീ. രാമചന്ദ്രൻ നായർ ജീവനക്കാരുടെ സംഘടിത പോരാട്ടങ്ങൾക്ക് എതിരായ നിലപാടാണ് പലപ്പോഴും സ്വീകരിച്ചിരുന്നത്. എല്ലായ്പ്പോഴും സർക്കാർ ജീവനക്കാരെ ശത്രുക്കളായി മാത്രം കണ്ടിരുന്ന വ്യക്തി സംസ്ഥാന ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങൾക്ക് എങ്ങനെ സമീപിക്കുമെന്ന് ഏവർക്കുമറിയാം. ഹൈക്കോ ടതി അഭിഭാഷകനെയാണ് കമ്മീഷൻ അംഗമായി നിയമിച്ചിരിക്കുന്നത്. സിവിൽ നിയമങ്ങളിൽ പ്രാഗത്ഭ്യം അവ കാശപ്പെടുന്ന ഒരു അഭിഭാഷകന് ജീവനക്കാരുടെ ശമ്പളപരിഷ്കരണപ്രശ്നത്തിൽ എന്ത് പങ്കാണ് വഹിക്കാനു ള്ളതെന്ന് സർക്കാർ വ്യക്തമാക്കണം. പത്തുവർഷം മുമ്പ് സർവ്വീസിൽ നിന്ന് വിരമിച്ച ഒരു വ്യക്തിയെയാണ് കമ്മീഷനിൽ മെമ്പർ സെക്രട്ടറിയായി ചുമതലപ്പെടുത്തിയിരിക്കുന്നത്. നിലവിൽ സർവ്വീസിലുള്ളവരെയാണ് മുൻകാ ലങ്ങളിൽ മെമ്പർ സെക്രട്ടറിമാരായി നിയോഗിച്ചിരുന്നതെങ്കിൽ ആ കീഴ്‌വഴക്കം സർക്കാർ ബോധപൂർവ്വം അട്ടിമ റിച്ചു. ദീർഘകാലം മുമ്പ് വിരമിച്ച ഒരു ജീവനക്കാരനെ മെമ്പർ സെക്രട്ടറിയായി നിയമിക്കുക വഴി ജീവനക്കാരുടെ താൽപര്യങ്ങളാണ് അപകടത്തിലായിരിക്കുന്നത്.

ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നിയോഗിച്ച ജസ്റ്റിസ് രാജേന്ദ്രബാബു അദ്ധ്യക്ഷനായ 9-ാം ശമ്പളക്കമ്മീ,നിൽ, ഒരു ധനകാര്യവിദഗ്ധനും സിവിൽസർവ്വീസിൽ വ്യത്യസ്ത തലങ്ങളിലെ ദീർഘകാല അനുഭ വസമ്പത്തുള്ള ഒരു വ്യക്തിയും ഉൾപ്പെട്ടിരുന്നു. ഒരു ന്യായാധിപന്റെ നീതിബോധവും സാമ്പത്തിക വിദഗ്ധന്റെ കാഴ്ചപ്പാടുകളും സിവിൽസർവ്വീസിന്റെ അനുഭവസമ്പത്തും കമ്മീഷന്റെ ശുപാർശകളിൽ പ്രതിഫലിച്ചിരുന്നു.

ശമ്പളകമ്മീഷനിൽ ഒരു ധനകാര്യവിദഗ്ധന്റെ സേവനം അനിവാര്യമാണ്. സിവിൽസർവീസിന്റെ വലിപ്പം കുറയ്ക്കണമെന്നും ജീവനക്കാരുടെ എണ്ണം പരിമിതപ്പെടുത്തണമെന്നുമുള്ള നവലിബറൽനയങ്ങൾ ഏറെ സ്വാധീ നിച്ചിട്ടുള്ള വ്യക്തികളാണ് നിലവിലെ ശമ്പളക്കമ്മീഷൻ അംഗങ്ങൾ.കേരളത്തിന്റെ സാമൂഹ്യവളർച്ചയും അതിൽ സിവിൽസർവ്വീസ് വഹിച്ച പങ്കും മെച്ചപ്പെട്ട കൂലിവ്യവസ്ഥകൾക്ക് വേണ്ടി നടന്ന പോരാട്ടങ്ങളെയുമെല്ലാം നിരാ കരിക്കുന്ന നിലപാടുകളാണ് ഇവർ മുൻകാലങ്ങളിൽ സ്വീകരിച്ചിട്ടുള്ളത്.

ജീവനക്കാരുടെയും അധ്യാപകരുടെയും അതോടൊപ്പം സിവിൽസർവ്വീസിന്റെയും താൽപര്യങ്ങൾ പരിര ക്ഷിക്കാനുതകുന്ന നിലപാടുകൾ നിലവിൽ രൂപീകരിച്ച ശമ്പളക്കമ്മീഷനിൽ നിന്നും പ്രതീക്ഷിക്കുന്നത് മൗഢ്യമാ ണ്. എക്കാലവും നവലിബറൽ നയങ്ങളെ വാരിപുണരുന്നതിനും അതിനെതിരായ ജനകീയ ശബ്ദങ്ങളെ തട യാൻ ശ്രമിക്കുകയും ചെയ്ത പാരമ്പര്യമുള്ളവർ നയിക്കുന്ന ശമ്പളക്കമ്മീഷൻ നിർദ്ദേശങ്ങളിലും ആഗോളവൽക്ക രണനയങ്ങളുടെ പ്രതിഫലനമുണ്ടാകുമെന്നത് അവിതർക്കിതമാണ്.

ഈ സാഹചര്യത്തിൽ പത്താം ശമ്പളക്കമ്മീഷന്റെ ഘടന മാറ്റുന്നതിന് സർക്കാർ അടിയന്തിരമായി തയ്യാ റാവണം. ന്യായാധിപസ്ഥാനത്തിരുന്ന് നീതിയുക്തമായി പ്രവർത്തിച്ചവരും സാമ്പത്തികമേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ചവരും അതോടൊപ്പം മെമ്പർ സെക്രട്ടറി സ്ഥാനത്ത് നിലവിൽ സർവ്വീസിലുള്ള ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സേവനവും ലഭ്യമാക്കി 10-ാം ശമ്പളക്കമ്മീഷൻ അടിയന്തിരമായി സർക്കാർ പുനഃസംഘടിപ്പി ക്കാൻ തയ്യാറാകണം.

*അഭിവാദനങ്ങളോടെ,*

**എം. ഷാജഹാൻ**
പ്രസിഡന്റ്

**എ. ശ്രീകുമാർ**
ജനറൽ സെക്രട്ടറി

തിരുവനന്തപുരം
30.11.2013